പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 31 — 25.11.2008-ൽ മറുപടിക്ക്

## പ്ലസ് വൺ പ്രവേശനത്തിന് ഏർപ്പെടുത്തിയ ഏകജാലക സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>" വി.ചെന്താമരാക്ഷൻ<br>" കെ.കുഞ്ഞിരാമൻ<br>" കെ.വി.കുഞ്ഞിരാമൻ<br>" എം.പ്രകാശൻ മാസ്റ്റർ | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| എ) പ്ലസ് വൺ പ്രവേശനത്തിന് ഏർപ്പെടുത്തിയ ഏകജാലക സംവിധാനം വിജയപ്രദമായിരുന്നോ എന്ന് വ്യക്തമാക്കുമോ ; | എ) സാമൂഹ്യനീതിയും സുതാര്യതയും ഉറപ്പു വരുത്തിക്കൊണ്ട് ഹയർ സെക്കണ്ടറി സ്കൂൾ പ്രവേശനം നടത്തുക എന്ന ലക്ഷ്യത്തോടെ ഏർപ്പെടുത്തിയ ഏകജാലക സംവിധാനം വഴി മെരിറ്റടിസ്ഥാനത്തിലും സംവരണ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചു. ജില്ലയിലെ ഏതെങ്കിലും ഒരു സ്കൂളിൽ മാത്രം കൊടുക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ രക്ഷകർത്താക്കൾക്കും വിദ്യാർത്ഥികൾക്കും മാനസിക സമ്മർദ്ദമില്ലാതെയും അർഹത മാത്രം പരിഗണിച്ചും അഴിമതി ഒഴിവാക്കിയും പ്രവേശനം ഉറപ്പാക്കി. കൂടാതെ മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ സീറ്റുകളിൽ പ്രവേശനം നടത്താനും കഴിഞ്ഞു. അതിനാൽ ഈ സംവിധാനം വിജയപ്രദമായിരുന്നു. |

ബി) പ്ലസ് വണ്ണിന് എത്ര സീറ്റുകളാണ് നിലവിലുണ്ടായിരുന്നത്; ഈ വർഷം എത്ര സീറ്റുകൾ കൂടുതലായി അനുവദിച്ചു; വ്യക്തമാക്കുമോ;

ബി) 2008-09 അക്കാദമിക് വർഷാരംഭത്തിൽ പ്ലസ് വണ്ണിന് ഗവൺമെന്റ്/എയ്ഡഡ്/അൺ എയ്ഡഡ് മേഖലകളിലായി 2,94,850 സീറ്റുകളാണ് നിലവിലുണ്ടായിരുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 02.06.2008-ലെ സർക്കാർ ഉത്തരവ് (എം.എസ്)നം. 99/08 പ്രകാരം എല്ലാ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകൾക്കും 20% അധിക സീറ്റ് വർദ്ധനവ് അനുവദിക്കാനും എയ്ഡഡ് സ്കൂളുകൾ ആവശ്യപ്പെട്ടാൽ 20% അധിക സീറ്റ് വർദ്ധനവ് അനുവദിക്കാനും ഉത്തരവായിരുന്നു. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 13.06.2008-ലെ സർക്കാർ ഉത്തരവ് (എം.എസ്)നം.109/08 പ്രകാരം 20% അധിക സീറ്റ് വർദ്ധനവ് അൺ-എയ്ഡഡ് സ്കൂളുകൾക്കും ബാധകമാക്കി. തത്ഫലമായി ഈ വർഷം 47,155 സീറ്റുകൾ വർദ്ധിക്കുകയുണ്ടായി. ഇത് കൂടി ഉൾപ്പെടുത്തിയപ്പോൾ ഈ വർഷം പ്ലസ് വൺ പ്രവേശനത്തിനായി 3, 42,005 സീറ്റുകൾ ലഭ്യമായിരുന്നു.

സി) പ്രവേശനം പൂർത്തിയായപ്പോൾ എത്ര സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു എന്ന് അറിയിക്കുമോ; കഴിഞ്ഞ മൂന്നു വർഷങ്ങളിൽ എത്ര സീറ്റുകളാണ് ഒഴിഞ്ഞുകിടന്നത്;

സി) ഈ വർഷത്തെ പ്രവേശന പ്രക്രിയ പൂർത്തിയായപ്പോൾ സംസ്ഥാനത്തൊട്ടാകെ 9453 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. 2007-ൽ 25,425-ഉം 2006-ൽ 44,389-ഉം 2005-ൽ 50,085-ഉം സീറ്റുകൾ ഒഴിഞ്ഞു കിടന്നിരുന്നു.

ഡി) സംവരണ വിഭാഗങ്ങൾക്ക് കൂടുതലായി പ്രവേശനം ലഭിക്കുന്നതിന് ഈ സമ്പ്രദായം പ്രയോജനപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

ഡി) ഉണ്ട്. മുൻവർഷങ്ങളെ അപേക്ഷിച്ച് പിന്നാക്ക വിഭാഗങ്ങൾക്ക് ഏകജാലക പ്രവേശനം വളരെ ഗുണപ്രദമായി. ഈ വർഷം ഏകജാലകം വഴി ആകെ പ്രവേശനം ലഭിച്ചവരിൽ 54.44 ശതമാനം വിദ്യാർത്ഥികൾ ഒ.ബി.സി വിഭാഗത്തിൽപ്പെടുന്നു. ഇത് 2007-ൽ 42.14-ഉം, 2006-ൽ 40.98-ഉം, 2005-ൽ 38.46-ഉം ആയിരുന്നു. ഈ വർഷം മുൻവർഷത്തെ അപേക്ഷിച്ച് 12.30 ശതമാനത്തിന്റെ വർദ്ധന ഈ വിഭാഗങ്ങൾക്കുണ്ട്. പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് ഇരട്ടിയോളം വർദ്ധനവുണ്ടായി. 2007-ൽ 9.31-ഉം, 2006-ൽ 8.14-ഉം, 2005-ൽ 7.81 ശതമാനവും മാത്രമായിരുന്നത് ഇക്കൊല്ലം 15 ശതമാനമായി ഉയർന്നു. മാത്രവുമല്ല, അപേക്ഷിച്ച മുഴുവൻ പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പ്രവേശനം നൽകുകയും ചെയ്തു.

ഇ) പ്ലസ് വൺ പ്രവേശന നടപടികളിലെ കാലതാമസം ഭാവിയിൽ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇ) കോടതിയുടെ സ്റ്റേയുണ്ടായിരുന്നതിനാലാണ് ഈ വർഷം അഡ്മിഷന് കാലതാമസമുണ്ടായത്. അപ്രകാരമുള്ള കാലതാമസം ഭാവിയിൽ പ്രതീക്ഷിക്കുന്നില്ല.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 32 — 25-11-2008-ൽ മറുപടിക്ക്

## കോളേജ് ക്ലസ്റ്റർ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.എ.എം.യൂസഫ്<br>ശ്രീ.സൈമൺ ബ്രിട്ടോ റൊഡ്രിഗ്സ്<br>ശ്രീ.എം.ഹംസ<br>ശ്രീമതി.കെ.കെ.ലതിക | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി |

| | |
|---|---|
| എ) കോളേജ് ക്ലസ്റ്റർ സംവിധാനം ഏർപ്പെടുത്തുന്നതുമൂലം വിദ്യാഭ്യാസ രംഗത്ത് കൈവരിക്കാൻ ഉദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; | എ) കൂടുതൽ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുക എന്നതാണ് ക്ലസ്റ്റർ സംവിധാനം ഏർപ്പെടുത്തുന്നതിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്ന നേട്ടം. വിവിധ കോളേജുകളിൽ നിലവിലുള്ള സൗകര്യങ്ങൾ പരസ്പരം പ്രയോജനപ്പെടുത്തി ഉന്നതവിദ്യാഭ്യാസ മേഖലയിൽ പുരോഗതി കൈവരിക്കുക എന്നതാണ് ക്ലസ്റ്റർ രൂപീകരണം കൊണ്ട് ലക്ഷ്യമാക്കുന്നത്. |
| ബി) ക്ലസ്റ്റർ സംവിധാനത്തോട് പ്രൈവറ്റ് കോളേജ് മാനേജ്മെന്റുകൾക്കുള്ള എതിർപ്പിന്റെ കാരണം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആശങ്കകൾ ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) പ്രൈവറ്റ് കോളേജ് മാനേജ്മെന്റുകളുടെ ആശങ്ക ദൂരീകരിക്കുന്നതിന് സഹായകമായ വിശദീകരണം ഉന്നതവിദ്യാഭ്യാസ കൗൺസിൽ നൽകിയിട്ടുണ്ട്. അവരുമായി വീണ്ടും ചർച്ചയ്ക്ക് തയ്യാറാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) ക്ലസ്റ്ററിൽ അംഗമാകുന്ന കോളേജുകൾക്ക് പ്രത്യേക ഫണ്ട് അനുവദിക്കുമോ; | സി) ഓരോ ക്ലസ്റ്ററിനും പൊതുവായി ഒരു കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഓരോ കോളേജിനും പ്രത്യേകമായി ഫണ്ട് അനുവദിക്കാൻ ഉദ്ദേശിക്കുന്നില്ല. കാരണം അത് ക്ലസ്റ്റർ സംവിധാനത്തിന്റെ അന്തസത്തയ്ക്ക് വിരുദ്ധമാകും. |
| ഡി) കോളേജ് ക്ലസ്റ്ററുകൾ രൂപീകരിക്കാനുള്ള നടപടികൾ ഏതെല്ലാം പ്രദേശങ്ങളിൽ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കുമോ? | ഡി) തിരുവനന്തപുരത്തും എറണാകുളത്തും ഓരോ ക്ലസ്റ്ററുകൾ ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 33 , 25.11.2008 ൽ മറുപടിയ്ക്ക്

<u>സംസ്ഥാനത്തെ തീവ്രവാദപ്രവർത്തനങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കെ.പി.മോഹനൻ<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. എം.കെ.പ്രേംനാഥ് | ശ്രീ . കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി. |
| എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന തീവ്രവാദ പ്രവർത്തനങ്ങളെ തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദീകരിക്കാമോ; | എ) തീവ്രവാദബന്ധമുണ്ടെന്ന് സംശയിക്കുന്ന കേസ്സുകൾ സമഗ്രമായി അന്വേഷിക്കുന്ന തിനുവേണ്ടി ഡി.ഐ.ജി.യുടെ നേതൃത്വത്തിൽ, ലോക്കൽ പോലീസ്, ക്രൈംബ്രാഞ്ച്, സംസ്ഥാന ഇന്റലിജൻസ് ബ്യൂറോ എന്നിവയിലെ ഉദ്യോഗസ്ഥ ന്മാർ അടങ്ങുന്ന ഒരു ജോയിന്റ് ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുണ്ട്. കാശ്മീരിൽ സുരക്ഷാസേന യുമായുള്ള ഏറ്റുമുട്ടലിൽ മലയാളികൾ കൊല്ലപ്പെ ട്ടിട്ടുണ്ടെന്ന വിവരം ലഭിച്ചതിനെ തുടർന്ന്, പ്രസ്തുത കേസുകളുടെയും അന്വേഷണം ടി ജോയിന്റ് ഇൻവെസ്റ്റിഗേഷൻ ടീമിനെ ഏൽപ്പിച്ചി രിക്കുകയാണ്. എ.ഡി.ജി.പി. ഇന്റലിജൻസ് ഈ ടീമിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിച്ചു വരുന്നു. |
| ബി) കാശ്മീർ തീവ്രവാദവുമായി ബന്ധപ്പെട്ട് 2008-ൽ കേരളത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | ബി) കാശ്മീരിൽ മലയാളികൾ സൈന്യവുമായുള്ള ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടതു സംബന്ധിച്ച് കണ്ണൂർ ജില്ലയിൽ എടക്കാട് പോലീസ് സ്റ്റേഷനിൽ ക്രൈം. നം. 356/08 U/s 3 r/w 13 (2) 16, 18, 38, 39 |

| | |
|---|---|
| | u/s Unlawful activities prevention Act 1967 and 120 b) 121, 121 (A), 124 (A) of IPC പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| സി) കാശ്മീരിലും മറ്റും തീവ്രവാദ പ്രവർത്തനങ്ങൾ നടത്താൻ കേരളത്തിൽ നിന്ന് യുവാക്കളെ റിക്രൂട്ട് ചെയ്യുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ? | സി) ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുന്നത് അന്വേഷണത്തെ പ്രതികൂലമായി ബാധിക്കാൻ ഇടയുള്ളതിനാൽ ഇപ്പോൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 34 25/11/2008-ൽ മറുപടിക്ക്

പാഠപുസ്തക പരിശോധനാ കമ്മിറ്റിയുടെ റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.എച്ച്.കുഞ്ഞമ്പു:<br>ശ്രീ.കെ.ടി.ജലീൽ:<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീമതി കെ.കെ.ശൈലജ ടീച്ചർ: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| എ) ഡോ.കെ.എൻ.പണിക്കർ അദ്ധ്യക്ഷനായ പാഠപുസ്തക പരിശോധനയ്ക്കുള്ള ഉന്നതാധികാര വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | എ) ഉണ്ട് |
| ബി റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ; | ബി) ശുപാർശകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | സി) ശുപാർശകൾ സർക്കാർ പരിശോധിച്ചു വരികയാണ്. |
| ഡി) കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അടുത്ത അക്കാദമിക് വർഷം എല്ലാ പാഠപുസ്തകങ്ങളും പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ? | ഡി) ശുപാർശകൾ പരിശോധിച്ച് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

ശുപാർശകൾ

# RECOMMENDATIONS

3.1 The textbooks under review have sought to bring about a qualitative change in pedagogy, content and presentation. As envisaged in NCF and KCF they have tried to instill in children qualities of critical enquiry and social sensitivity and help to promote a more creative relation between teachers and students. They aim, as a consequence, to change the classrooms into sites of collaborative knowledge transaction. Over the years, these textbooks could be further refined and enriched. The following recommendations are made with that in view.

3.2 As suggested in the Interim Report there is no case for withdrawing the Class VII Social Science textbook. However, it may be reviewed for the next academic year, in the light of the general observations and recommendations contained in the Report.

3.3 Critical pedagogy and constructivist methodology used for the preparation of the textbooks have influenced the structure and organization of the books. The questions, which follow each part of the lesson, need to be reviewed to ensure coherence and continuity.

3.4 In the critical pedagogic practice the textbooks are not intended to provide 'total' information about any topic. Therefore, comparison with the textbooks of previous years or of the NCERT is not appropriate since those may be based on a different syllabus. Yet, there is a case for enriching the content by expanding the narrative for the social science textbooks and providing suitable markers to help children construct their understanding. In that case, for instance, the portion on the national movement may become fuller or renaissance leaders may get greater representation. In the science textbooks, however, there is need to avoid 'information' and definitions which are inappropriate for learners at that age.

3.5 The principle of guiding the children from local to the national is commendable. But undue emphasis on the local is likely to encourage provincialism and parochialism. The textbooks should have some opening to the national and international, taken up at an appropriate stage.

3.6 The textbooks should be subjected to periodic revision based on critical evaluation and classroom research. An expert committee for each subject with 3 – 5 members may be set up for this purpose.

3.7 The success of critical pedagogy depends upon the intellectual equipment of the teacher who plays an important role in this process. Therefore, it is necessary to ensure that the teachers get adequate training, in areas of content, pedagogy and children's development.

3.8 All textbooks need to ensure gender sensitivity. More concrete narratives and case studies need to be incorporated in the text to address issues regarding unequal gender relations in society. A serious effort must be made to involve more women in the preparation of curriculum syllabi and textbooks.

3.9 Illustrations and visuals require considerable improvement.

3.10 It is necessary to ensure better production and use of quality paper to make the textbooks more attractive to the students.

3.11 The language of textbooks should be learner friendly.

3.12 Experts and the resource persons with disciplinary and pedagogic knowledge should be engaged to guide the process of the preparation of textbooks and handbooks.

3.13 Professional development of textbook writers need to be ensured through academic exposure and research initiative.

3.14 The names and affiliation of the members of the drafting committee and expert committee should be acknowledged in the textbooks.

3.15 The syllabus, textbooks and handbooks should be posted on the website for inviting comments and remarks. The comments and remarks thus received and the reports from the field (schools) should be considered by the expert committee. The SCERT should also evolve a procedure for wider consultation.

3.16 In the light of the poor quality of English translation of Class VII textbook of Social Science, a proper procedure should be adopted to ensure the quality of translation.

3.17 The govt. should consider the constitution of a Textbook Commission to monitor all textbooks used in the state.

# പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 35

25.11.2008-ൽ
മറുപടിക്ക്

## കയർ കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ് :<br>ശ്രീ. പി.വിശ്വൻ :<br>ശ്രീ. സി.കെ.സദാശിവൻ :<br>ശ്രീ. എം.കെ. പുരുഷോത്തമൻ : | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കയർ വ്യവസായ രംഗത്തെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിച്ചിരുന്ന കയർ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ; | (ബി) കയർ കമ്മീഷൻ നൽകിയ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു.<br>❖ തൊണ്ട് സംഭരണത്തിനായി തൊണ്ട് സംഭരണ സംഘങ്ങൾ/കൺസോർഷ്യം രൂപീകരിക്കുകയും ഒരു തൊണ്ടിന് 10 പൈസ നിരക്കിൽ സബ്സിഡി നൽകുക.<br>❖ ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി പുതിയതായി 100 ഡീഫൈബറിംഗ് മില്ലുകൾ ആരംഭിക്കുക. ഡീഫൈബറിംഗ് മില്ലുകൾക്ക് 50% വൈദ്യുതി സബ്സിഡി നൽകുക. പ്രവർത്തന രഹിതമായ ഡീഫൈബറിംഗ് മില്ലുകൾ പ്രവർത്തന ക്ഷമമാക്കുക. ഇവയ്ക്ക് |

ആവശ്യമായ സാമ്പത്തിക സഹായം നൽകുക.

- ❖ സഹകരണസംഘങ്ങൾ പുനഃസംഘടിപ്പിക്കുക, പ്രവർത്തന ക്ഷമമല്ലാത്ത സംഘങ്ങളുടെ രജിസ്ട്രേഷൻ റദ്ദുചെയ്യുക, സംഘം തൊഴിലാളികളുടെ ത്രിഫ്റ്റ് മടക്കി നൽകുക. സംഘം ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റിയിലേയ്ക്ക് ധനസഹായം സർക്കാർ നൽകണം, കയർ സംഘങ്ങളുടെ ആഡിറ്റ് കയർ വികസന വകുപ്പിന് നൽകുക.
- ❖ കയർ പിരി യന്ത്രങ്ങൾ അതായത് ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുക.
- ❖ വില സ്ഥിരതാഫണ്ട് ഏർപ്പെടുത്തുക.
- ❖ അനുപം ലൂം, അനുഗ്രഹ ലൂം എന്നീ ഉൽപ്പാദന ക്ഷമത കൂടിയ ലൂമുകൾ സ്ഥാപിക്കുക. ഇവയ്ക്ക് ആവശ്യമായ ഗ്രാന്റുകൾ സർക്കാർ നൽകുക.
- ❖ അസംസ്കൃത സാധന ബാങ്ക് സ്ഥാപിക്കുക.
- ❖ കയർപിരി മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- ❖ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിപുലപ്പെടുത്തി തൊഴിലാളികൾക്ക് വേണ്ടി കൂടുതൽ ക്ഷേമപദ്ധതികൾ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുക.
- ❖ കയർതൊഴിലാളികളെയെല്ലാം ഇ എസ് ഐ പരിധിയിൽ കൊണ്ടുവരിക. തൊഴിലാളികൾക്ക് മുഴുവനും ഇൻഷ്വറൻസ് പരിരക്ഷ നൽകുക, പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ കയർ മേഖലയിൽ സഹായം നൽകുന്നതിനുള്ള വ്യവസ്ഥ ഡിസാസ്റ്റർ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തുക.
- ❖ റിമോട്ട് പദ്ധതിയിൽ കയർ സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി

പദ്ധതിയിൽ ഭേദഗതി വരുത്തുവാൻ കയർ കമ്മീഷൻ കയർ ബോർഡിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

- കയർമേഖലയിലെ പദ്ധതികൾ ഏറ്റെടുത്തുനടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുക.
- കയർ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്ന ചുമതലയല്ലാതെ മറ്റ് ചുമതലകളൊന്നും മേലിൽ കയർഫെഡ് ഏറ്റെടുക്കരുത്. കയർഫെഡിന്റെ മുഴുവൻ ശ്രദ്ധയും മാർക്കറ്റിംഗിൽ കേന്ദ്രീകരിക്കണം.
- നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കുക. വേഗത്തിൽ കായ്ഫലം തരുന്നതും അധികം പൊക്കമില്ലാത്തതുമായ തെങ്ങിൻ തൈകൾ വ്യാപകമായി വച്ച് പിടിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കണം.
- ചെറുകിട ഉൽപ്പാദകർക്കും കയർ സഹകരണ സംഘങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുവാൻ ബാങ്കുകൾക്ക് സർക്കാർ നിർദ്ദേശം നൽകുക.
- ചെറുകിട ഉൽപ്പാദകർക്കായി കടാശ്വാസം ഏർപ്പെടുത്തുക. അവർക്ക് കുറഞ്ഞ പലിശയ്ക്ക് ബാങ്ക് വായ്പ നൽകാനുള്ള നടപടി സ്വീകരിക്കുക.
- ഗവേഷണ വികസന പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ ശക്തിപ്പെടുത്തുക. കൂടുതൽ പരിശീലനങ്ങൾ തൊഴിലാളികൾക്ക് ഏർപ്പെടുത്തുക. കയർ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പോളിടെക്നിക്കുകൾ, ഐ.റ്റി.ഐ.കൾ എന്നിവയിൽ ഉൾപ്പെടുത്തുക.

4

- കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. എന്നീ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക.
- കയർ വികസന വകുപ്പ് വ്യവസായ വകുപ്പിൽ നിന്നും മാറ്റി പ്രത്യേക സ്വതന്ത്ര വകുപ്പ് ആക്കുക. കയർ വികസന ഡയറക്ടറേറ്റ്, കയർ പ്രൊജക്ട് ഓഫീസുകൾ, കയർ ഇൻസ്പെക്ടർ ഓഫീസുകൾ എന്നിവയെ കയർ മേഖലയുടെ ഫെസിലിറ്റേറ്റർ റോളിലേയ്ക്ക് മാറ്റിയെടുക്കണം.
- വിപണന സാധ്യതകൾ വിപുലമാക്കുന്നതിലേയ്ക്കായി കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിക്കുക.
- കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- കയർ ഉൽപ്പന്നങ്ങൾ പുതിയ ഡിസൈനിലും പാറ്റേണിലും വികസിപ്പിക്കുക, വൈവിധ്യവൽക്കരണത്തിനുള്ള നടപടി സ്വീകരിക്കുക.
- കയർമേഖലയ്ക്ക് ആവശ്യമായ പുതിയ ഫാക്ടറി സ്ഥാപിക്കുക.
- സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ മാതൃകയിൽ കയർ മന്ത്രി ചെയർമാനും കയർ രംഗത്തെ വിദഗ്ദ്ധനെ വൈസ് ചെയർമാനുമായി ഈ മേഖലയ്ക്ക് ആവശ്യമായ നയങ്ങൾ രൂപീകരിക്കുന്നതിനായി അപെക്സ് ബോഡി ഫോർ കയർ (ABC) രൂപീകരിക്കുക.
- കയർ തൊഴിലാളിയ്ക്ക് തൊഴിൽ മാന്യത ഉറപ്പുവരുത്തുക.

| | |
|---|---|
| (സി) കയർ ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തി - നും വിപണനത്തിനുമായി കമ്മീഷൻ പ്രത്യേക ശുപാർശകൾ നൽകിയിട്ടുണ്ടോ ; | (സി) ഉണ്ട്.<br><br>കയർ ഉൽപ്പന്നങ്ങളുടെ വൈവിധ്യ വൽക്കരണത്തിനായി പ്രത്യേക പരിശീ ലനപരിപാടികൾ, ആധുനികമായ |

| | |
|---|---|
| | റാട്ടുകളും, സ്പിന്നിംഗ് മെഷീനുകളും എന്നിവ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. വിപണനത്തിനായി വിപുലമായ അധികാരങ്ങളോടെ വിദേശ വിപണി കൂടി ലക്ഷ്യമിട്ടുകൊണ്ട് കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം (KCMC) രൂപീകരിക്കുന്നതിന് കമ്മീഷൻ ശുപാർശ നൽകിയിട്ടുണ്ട്.<br>വിദേശ ആഭ്യന്തര മാർക്കറ്റുകളും ലക്ഷ്യമിട്ട് കാലഹരണപ്പെട്ട കൺസ്ട്രക്ഷൻ ഡീറ്റയിൽസ് സംബന്ധിച്ച മാനുവൽ ഭേദഗതി ചെയ്യണം. ഉൽപ്പന്നങ്ങളുടെ തരംതിരിവ് ശാസ്ത്രീയവും കാലാനുസരണവുമാക്കണമെന്ന് കയർ ബോർഡിനോട് കയർ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. |
| (ഡി) റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിന് എത്ര കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (ഡി) കമ്മീഷൻ ശുപാർശകൾ നാലുവർഷം കൊണ്ട് നടപ്പാക്കുന്നതിലേയ്ക്കായി 450.56 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. |
| (ഇ) റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിന് സമയ ബന്ധിതമായി നടപടി സ്വീകരിക്കുമോ ? | (ഇ) റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് സർക്കാർ തീരുമാനമെടുത്ത് സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :36 — 25-11-2008-ൽ മറുപടിയ്ക്ക്

## ആഗോള സാമ്പത്തിക മാന്ദ്യം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബാബു പോൾ :<br>ശ്രീ.വി.എസ്.സുനിൽ കുമാർ :<br>ശ്രീ.എ.കെ.ചന്ദ്രൻ :<br>ശ്രീ.കെ.അജിത് :<br>ശ്രീ.പി.തിലോത്തമൻ : | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) ആഗോള സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തെ ടൂറിസം മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ നവംബർ, ഡിസംബർ മാസങ്ങളിലെ ബുക്കിംഗ് നിരക്കിൽ മുൻ കാലങ്ങളെ അപേക്ഷിച്ച് എത്ര കുറവുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (എ) ആഗോള സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തെ ടൂറിസം മേഖലയെയും മൊത്തത്തിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഹോട്ടൽ വ്യവസായികളുമായും സംരംഭകരുമായും ചർച്ച നടത്തിയതിൽ നിന്നും നവംബർ, ഡിസംബർ മാസങ്ങളിൽ ടൂറിസ്റ്റുകളുടെ വരവിൽ ഏകദേശം 20% കുറവു വരുമെന്ന് അനുമാനിക്കുന്നു.<br>കെ.ടി.ഡി.സി.യുടെ കീഴിലുള്ള ഹോട്ടലുകളിൽ നവംബർ, ഡിസംബർ മാസങ്ങളിൽ മുൻ വർഷത്തെ അപേക്ഷിച്ച് 20 മുതൽ 30 ശതമാനം വരെ കുറവുണ്ടായിട്ടുണ്ട്. |
| (ബി) ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) ആഗോള പ്രതിസന്ധി തരണം ചെയ്യുന്നതിനായി സർക്കാരിന് നിർദ്ദേശങ്ങളും ശുപാർശകളും സമർപ്പിക്കുന്നതിനായി 19-11-08 ലെ സർക്കാർ ഉത്തരവ് (ആർ.ടി) 9002/08/ടൂറിസം പ്രകാരം കേരളത്തിലെ ടൂറിസം രംഗത്തെ പ്രമുഖരെയും സർക്കാർ പ്രതിനിധികളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് സമർപ്പിക്കുന്ന |

| | | |
|---|---|---|
| | | റിപ്പോർട്ടിന്റെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്. കൂടാതെ ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും വകുപ്പ് ശ്രമിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്ത് ആഭ്യന്തര ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (സി) വിവിധ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കേരളാ ടൂറിസം റോഡ് ഷോകൾ സംഘടിപ്പിച്ച് ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിച്ചു വരുന്നു. കൂടാതെ കൂടുതൽ റോഡ് ഷോകൾ സംഘടിപ്പിക്കുന്ന കാര്യവും ആലോചിച്ചു വരുന്നു. വിവിധ സംസ്ഥാനങ്ങളിലെ ടൂറിസം മേളകളിലും കേരള ടൂറിസം സജീവമായി പങ്കെടുത്തു വരുന്നു.<br>കെ.ടി.ഡി.സി. ആഭ്യന്തര ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിക്കുന്നതിനായി വിവിധ സ്ഥലങ്ങളിൽ ടാമരിൻറ് ബ്രാൻറ് ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്.<br>കൂടാതെ പത്രങ്ങൾ, ടി.വി., ഇൻറർനെറ്റ്, തുടങ്ങിയ ദൃശ്യമാധ്യമങ്ങൾ വഴി വ്യാപകമായ പരസ്യ പ്രചരണവും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 37** 25..11..2008ൽ മറുപടിയ്ക്ക്

**ബിരുദ പഠനം ക്രഡിറ്റ് ആന്റ് സെമസ്റ്റർ സംവിധാനത്തിലാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു<br>ശ്രീ. പള്ളിപ്രം ബാലൻ | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |

(എ) സംസ്ഥാനത്ത് ബിരുദ പഠനം ക്രഡിറ്റ് ആന്റ് സെമസ്റ്റർ സംവിധാനത്തിലാക്കണമെന്ന് നിർദ്ദേശമുണ്ടോ; എങ്കിൽ ഇതിന്റെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു രൂപരേഖ തയ്യാറാക്കി യിട്ടുണ്ടോ ; എങ്കിൽ ആ രൂപരേഖയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

(എ)യും (ബി)യും ഉണ്ട്.

നിലവിലുള്ള ബിരുദ പഠനത്തിൽ നിന്ന് വ്യത്യസ്തമായി ശാസ്ത്രം, സാമൂഹികശാസ്ത്രം, മാനവികം, ബിസിനസ്സ് എന്നിവയിൽ ഏതെങ്കിലും വിഷയത്തിൽ സ്പെഷ്യലൈസേഷനോടു കൂടിയോ അല്ലാതെയോ നിശ്ചിത ക്രെഡിറ്റ് മുഖേന ബിരുദം സമ്പാദിക്കുന്ന രീതിയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ വിഭാവന ചെയ്യുന്നത്. കുറഞ്ഞത് ആറും പരമാവധി പത്തും സെമസ്റ്ററുകൾ വിഭാവന ചെയ്യുന്ന ബിരുദ പഠനത്തിൽ ആദ്യ രണ്ട് സെമസ്റ്ററുകളിൽ പൊതുവായ വിഷയങ്ങളും മറ്റ് സെമസ്റ്ററുകളിൽ വിദ്യാർത്ഥികൾ തെരഞ്ഞെടുക്കുന്ന വിഷയങ്ങളും പഠിക്കാവുന്നതാണ്. വിവര വാർത്താവിനിമയ സാങ്കേതി വിദ്യ ഉപയോഗിച്ചുള്ള പഠന സംവിധാനത്തിൽ, ഓരോ കോഴ്സിന്റെയും ഉദ്ദേശ ലക്ഷ്യ ങ്ങൾ വ്യക്തമാക്കുന്ന കരിക്കുലവും ആർജ്ജിച്ച അറിവ്, ഈ അറിവി ന്റെ ഉപയോഗം, വിമർശനാത്മക മായ മൂല്യനിർണ്ണയം എന്നിവയുടെ സമ്മിശ്രമായ ചോദ്യ പേപ്പറുകളും ഉണ്ടായിരിക്കും. നിലവിലുള്ള രീതിയിൽ നിന്ന് വ്യത്യസ്തമായി

നിശ്ചിത ക്രെഡിറ്റ് നേടുന്ന വിദ്യാർത്ഥിക്ക് അതിനനുസരിച്ചുള്ള സർട്ടിഫിക്കറ്റുകളും നല്കും.

ഒരു കോഴ്സിന് പരമാവധി ക്രെഡിറ്റ് 4 വരെ നൽകുന്ന സംവിധാനത്തിൽ ഒരു സെമസ്റ്ററിൽ നിശ്ചിത ക്രെഡിറ്റ് നേടുന്ന വിദ്യാർത്ഥിക്കു മാത്രമേ അടുത്ത സെമസ്റ്ററിൽ രജിസ്റ്റർ ചെയ്യാൻ കഴിയൂ. കൂടാതെ ഉപരി പഠനത്തിനും നിശ്ചിത ക്രെഡിറ്റ് ലഭിച്ചിരിക്കണം.

2008 മുതൽ രണ്ടു വർഷം കൊണ്ട് ഘട്ടംഘട്ടമായി ഈ പദ്ധതി നടപ്പാക്കാനാണുദ്ദേശിക്കുന്നത്. അതിനായി നിലവിലുള്ള ഗസ്റ്റ് ലക്ചറർമാർക്ക് പകരം സ്ഥിരം യോഗ്യരായ അധ്യാപക നിയമനം, അടിസ്ഥാന സൗകര്യ വികസനം, മറ്റ് കാര്യങ്ങൾ എന്നിവ സംബന്ധിച്ച് സർക്കാർ സർവ്വകലാശാലാ തലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

Sherly P

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :38

25-11-2008-ൽ മറുപടിയ്ക്ക്

## ആഭ്യന്തര ടൂറിസം

| ചോദ്യം<br>ശ്രീ കെ ബാബു : | ഉത്തരം<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
|---|---|
| (എ) സംസ്ഥാനത്ത് കഴിഞ്ഞ സീസണിൽ ഏതൊക്കെ രാജ്യങ്ങളിൽ നിന്നും ചാർട്ടേഡ് ഫ്ലൈറ്റിൽ ടൂറിസ്റ്റുകൾ എത്തുകയുണ്ടായി എന്ന് വിശദീകരിക്കാമോ ; | (എ) യു.കെ., സ്വീഡൻ |
| (ബി) ഈ വർഷം ഏതൊക്കെ രാജ്യങ്ങളിൽ നിന്നും ടൂറിസ്റ്റുകൾ വരുമെന്ന് പ്രതീക്ഷിക്കുന്നുവെന്ന് വിശദീകരിക്കാമോ ; | (ബി) ഈ സീസണിൽ നവംബർ ആദ്യവാരം യു.കെ യിൽ നിന്നും എസ്തോണിയയിൽ നിന്നും ഓരോ ചാർട്ടേഡ് ഫ്ലൈറ്റുകൾ എത്തിക്കഴിഞ്ഞു. മുൻ വർഷങ്ങളിൽ കേരളം സന്ദർശിച്ച വിദേശ രാജ്യങ്ങളിൽ നിന്നുള്ള ടൂറിസ്റ്റുകൾക്കു പുറമെ ചില സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ നിന്ന് കൂടി ഇത്തവണ ടൂറിസ്റ്റുകൾ എത്തുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) **ടൂറിസ്റ്റ്** കേന്ദ്രങ്ങളുടെ മോടി **പിടിപ്പിക്കൽ,** സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ; | (സി) ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ മോടി പിടിപ്പിക്കൽ, സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവയുടെ പുരോഗതി സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

| | |
|---|---|
| (ഡി) കോവളത്തെ വൃത്തിഹീനമായ സാഹചര്യം ടൂറിസ്റ്റുകൾക്ക് അസഹ്യമാകുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ? | (ഡി) ഉണ്ട് കോവളത്ത് ശാസ്ത്രീയമായ രീതിയിൽ മാലിന്യ സംസ്കരണ പ്രക്രിയ ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 39 25..11..2008ൽ മറുപടിയ്ക്ക്

## കേരള യൂണിവേഴ്സിറ്റി അസിസ്റ്റന്റ് നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.എ. വാഹിദ്:<br>ശ്രീ. എൻ. ശക്തൻ: | | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) | |
| (എ) | കേരള യൂണിവേഴ്സിറ്റി അസിസ്റ്റന്റ് നിയമനത്തിൽ അഴിമതിയും സ്വജന പക്ഷപാതവും നടന്നിട്ടുള്ള തിനാൽ റാങ്ക് പട്ടികയും നിയമനവും റദ്ദാക്കണ മെന്ന് ലോകായുക്ത ശുപാർശ നൽകിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (ബി) | ഉപലോകായുക്തയുടെ റിപ്പോർട്ടിൻ മേൽ അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള സർവ്വകലാ ശാലാ വൈസ് ചാൻസലർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള ഹൈക്കോടതിയുടെ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള ഡബ്ല്യു. പിസി. നമ്പർ. 32009 & 32034/2008 എന്നീ റിട്ട് പെറ്റീഷനുകൾ തീർപ്പാകുന്നത് വരെ ഉപലോകായുക്തയുടെ റിപ്പോർട്ടിൻ മേൽ സർക്കാർ നടപടി സ്വീകരിക്കാ തിരിക്കുന്നത് ഉചിതമായിരിക്കുമെന്ന് ബഹു.മാനപ്പെട്ട കേരള ഹൈക്കോടതി യുടെ 2008 ഒക്ടോബർ 31-ാം തീയതിയിലെ ഉത്തരവിൽ പറയുന്നു. കോടതിയുടെ അന്തിമ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് സർക്കാർ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | അസിസ്റ്റന്റ് നിയമനത്തിനു വേണ്ടി നടത്തിയ പരീക്ഷയുടെ ഉത്തരക്കടലാസുകൾ കാണാതായ സാഹചര്യത്തിൽ വിദഗ്ദ്ധമായ അന്വേഷണം നടത്തണം എന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ടോ ; | (സി) | ഉപലോകായുക്തയുടെ റിപ്പോർട്ടിൽ ഇപ്രകാരം ഒരു ശുപാർശയില്ല. |
| (ഡി) | യൂണിവേഴ്സിറ്റി നിയമനങ്ങളിലെ ഗുരുതരമായ അഴിമതി പുറത്തുവന്ന സാഹചര്യത്തിൽ യൂണിവേഴ്സിറ്റിയിലെ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിടുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | സംസ്ഥാനത്തെ സർവ്വകലാശാലകൾ സ്വയംഭരണ സ്ഥാപനങ്ങളാണ്. സർവ്വകലാശാലാ ആക്ടും സ്റ്റാറ്റ്യൂട്ടും അനുസരിച്ച് നിയമനം നടത്താനുള്ള അധികാരം അതത് സർവ്വകലാശാലകളിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 40

## 25.11.2008 - ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിലെ വായ്പകളുടെ ലഭ്യതയും വിനിയോഗവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. ബാബു.എം. പാലിശ്ശേരി:<br>ശ്രീ. എം.എം. മോനായി :<br>ശ്രീ. കെ.സി. രാജഗോപാലൻ :<br>ശ്രീ. എ.എം. യൂസഫ് : | | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) | സഹകരണ മേഖലയിലെ വായ്പകളുടെ ലഭ്യതയും വിനിയോഗവും സംബന്ധിച്ച പഠനസമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ് | (എ) | സഹകരണ മേഖലയിലെ വായ്പകളുടെ ലഭ്യതയും വിനിയോഗവും സംബന്ധിച്ച ഉമ്മർ കമ്മിറ്റിയുടെ ഇടക്കാല പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. |
| (ബി) | റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (ബി) | നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | സഹകരണ സ്ഥാപനങ്ങളിൽ നിന്നും കാർഷിക വായ്പ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) | പഠന സമിതിയുടെ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. നടപടി ക്രമങ്ങൾ ലഘൂകരിക്കു ന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 41

25.11.2008-ൽ മറുപടിക്ക്

## സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കയർ മേഖലയെ രക്ഷിക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.സദാശിവൻ :<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. എ.എം. ആരിഫ് :<br>ശ്രീ. എം.കെ. പുരുഷോത്തമൻ :<br>ശ്രീ. പി.വിശ്വൻ : | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) അമേരിക്കയിലുണ്ടായ സാമ്പത്തിക തകർച്ച കയർ കയറ്റുമതിമേഖലയെ ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്<br>മൊത്തം കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ 40%വും അമേരിക്കയിലേയ്ക്കാണ്. കയർ ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്തിരുന്ന കമ്പനികളിൽ പ്രധാനപ്പെട്ട 4 എണ്ണം 'ബാങ്ക്റപ്റ്റ്' ആയി മാറി. അടുത്ത 6 മാസത്തേക്കുള്ള (2009 മാർച്ച് വരെ) കയറ്റുമതി കഴിഞ്ഞ വർഷത്തേക്കാളും 40% വരെ കുറവ് വരാൻ സാധ്യതയുണ്ട് എന്ന് പ്രാഥമിക വിശകലനങ്ങൾ സൂചിപ്പിക്കുന്നു. 2008 ഒക്ടോബർ മാസത്തിൽ മാത്രം കയറ്റുമതി 16% വരെ കുറഞ്ഞു. 2008 സെപ്തംബറിൽ നോർമൽ കയറ്റുമതി നടന്നു. വിദേശത്തേയ്ക്ക് മൊത്തമായി ഉള്ള കയറ്റുമതി കുറവ് 30% ആണ്. |
| (ബി) ഈ പ്രതിസന്ധിയിൽ നിന്നും കയർ മേഖലയെ രക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ? | (ബി) പരിഗണനയിലാണ്. നിലവിൽ തന്നെ ക്രയവില സ്ഥിരതാപദ്ധതിയിലൂടെ കയർ കോർപ്പറേഷൻ മുഖേന കയറ്റുമതിക്കാർക്ക് 5% സബ്സിഡി നൽകിയിരുന്നു. കൂടാതെ 2008-09-ൽ ആവിഷ്കരിച്ച പദ്ധതി പ്രകാരം കയർ കോർപ്പ |

| | |
|---|---|
| | റേഷൻ മുഖേന കയറ്റുമതിക്കാർ വാങ്ങുന്ന ഉൽപ്പന്നങ്ങൾക്ക് റിബേറ്റ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ? | (സി) കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. എന്നീ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ സംസ്ഥാനത്തെ പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ വഴി വിറ്റഴിക്കുന്ന പദ്ധതിയ്ക്ക് 2008 ജൂൺ മാസം തുടക്കം കുറിച്ചിട്ടുണ്ട്. ഈ പദ്ധതി ഇപ്പോൾ വിജയകരമായി നടപ്പിലാക്കി വരികയാണ്. കൂടാതെ ഇന്ത്യയ്ക്കകത്ത് സംഘടിപ്പിക്കുന്ന വില്പന മേളകളിലൂടെയും അന്താരാഷ്ട്രമേളകളിലൂടെയും കയർ ഉൽപ്പന്നങ്ങളുടെ വിൽപനയ്ക്ക് സർക്കാർ ധനസഹായം നൽകിവരുന്നു. രാജ്യത്തുടനീളം വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം.42

25..11..2008 ൽ
മറുപടിയ്ക്ക്.

പുതുതായി സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കാൻ നടപടി

**ചോദ്യം**

ശ്രീ. പി.ടി.എ.റഹീം
ശ്രീമതി.പി.അയിഷാ പോറ്റി
ശ്രീ.എ.പ്രദീപ് കുമാർ
ശ്രീ.എസ്.രാജേന്ദ്രൻ
ശ്രീ.രാജു എബ്രഹാം

**ഉത്തരം**

ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്ക്കാരിക-
കാര്യവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പുതുതായി സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്ത് പുതുതായി സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് നയം രൂപീകരിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ്, എം.ബി.എ, എം.സി.എ കോഴ്സുകൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള സ്വാശ്രയ സ്ഥാപനങ്ങൾ എ.ഐ.സി.റ്റി.ഇ -യുടേയും ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയുടേയും അംഗീകാരം ലഭ്യമായതിനുശേഷം ഗവൺമെന്റിന്റെ സമ്മത പത്രം ലഭിക്കുന്നതിനുവേണ്ടി അപേക്ഷ നൽകേണ്ടതാണ്. ട്രെയിനിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുവേണ്ടി മാനേജ്മെന്റുകൾ യൂണിവേഴ്സിറ്റിയുടേയും എൻ.സി.റ്റി.ഇ. -യുടേയും അംഗീകാരം വാങ്ങിയതിനുശേഷം ഗവൺമെന്റിനെ സമീപിക്കേണ്ടതാണ്.

ആർട്സ് & സയൻസ് കോളേജുകൾ ആരം-ഭിക്കുന്നതിനുവേണ്ടി മാനേജ്മെന്റുകൾ യൂണിവേഴ്സിറ്റിയുടെ അംഗീകാരം നേടേണ്ടതാണ്.

മുകളിൽ പറഞ്ഞ അംഗീകാരങ്ങൾ നേടിയതിനുശേഷം ഗവൺമെന്റുമായി അഡ്മിഷൻ, ഫീസ്, ജീവനക്കാരുടെ നിയമനം, ഭൗതിക സാഹചര്യങ്ങൾ തുടങ്ങിയവ ഗവൺമെ-ന്റിന്റെ നയങ്ങൾക്ക് അനുസൃതമായി നടപ്പിലാക്കാം എന്ന് 50 രൂപാ മുദ്രപ്പത്രത്തിൽ ഒരു കരാറിൽ ഏർപ്പെട്ടാൽ സ്ഥാപനം ആരംഭിക്കാൻ സർക്കാർ അനുവാദം നൽകുന്നതാണ്.

ആരോഗ്യ കുടുംബക്ഷേമ വകുപ്പാണ് ആരോഗ്യമേഖലയിലെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നത്. സംസ്ഥാനത്തിന്റെ പുരോഗതി, അക്കാദമിക് നിലവാരം ഉറപ്പുവരുത്തൽ, മെറിറ്റ് സീറ്റിൽ കുട്ടികളുടെ അഡ്മിഷൻ, റിസർവേഷൻ സംവിധാനം പാലിക്കൽ മുതലായ അടിസ്ഥാന തത്വങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തിന് ആവശ്യമാണെന്ന് തോന്നുന്ന പക്ഷം പുതിയ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുക എന്നതാണ് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ നയം.

| | |
|---|---|
| (ബി) പുതുതായി സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുമ്പോൾ വിദ്യാർത്ഥി പ്രവേശനം, ഫീസ്, എന്നിവ സംബന്ധിച്ച് സർക്കാരുമായി പ്രത്യേക എഗ്രിമെന്റ് നിഷ്കർഷിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | സ്വാശ്രയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി എത്ര അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ; | (സി) | ഉന്നത വിദ്യാഭ്യാസ വകുപ്പിൽ എഞ്ചിനീയറിംഗ്, എം.സി.എ, ട്രെയിനിംഗ് കോളേജുകൾ, സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകൾ എന്നിവ ആരംഭിക്കുന്നതിനായി 84 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ സ്വാശ്രയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ പ്രാഥമിക പരിശോധനയിൽ തന്നെ നിരസിക്കപ്പെടുന്നതിനാൽ കണക്കുകൾ ലഭ്യമല്ല. ദന്തൽ കോളേജുകൾ അനുവദിക്കുന്നതിന് 8 അപേക്ഷകൾ ഈ സർക്കാർ വന്നതിനുശേഷം ലഭിച്ചിട്ടുണ്ട്. |
| (ഡി) | സ്വകാര്യ സ്വാശ്രയ കോളേജുകൾ അനുവദിക്കുന്നതിന് ആനുപാതികമായി സഹകരണ- പൊതു മേഖലകളിലും കോളേജുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | സഹകരണ–പൊതുമേഖലകളിൽ കോളേജുകൾ ആരംഭിക്കുന്നതിന് മുൻഗണന നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 43 — 25.11.2008-ൽ മറുപടിക്ക്

## വാഹനങ്ങളുടെ പാർക്കിംഗിന് പ്രത്യേക സ്ഥലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.പി. കുഞ്ഞുണ്ണി:<br>ശ്രീ. കെ.കെ. ദിവാകരൻ:<br>ശ്രീ. എ.സി. മൊയ്തീൻ:<br>ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീ. വി.എൻ. വാസവൻ: | ശ്രീ. മോൻസ് ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ദേശീയ-സംസ്ഥാന ഹൈവേകളിലും മറ്റു പ്രധാന റോഡുകളിലും വാഹനങ്ങളുടെ പാർക്കിംഗ് തടയണമെന്ന ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദേശീയ/സംസ്ഥാന ഹൈവേകളിലും മറ്റ് പ്രധാന റോഡുകളിലും വാഹനങ്ങളുടെ അനധികൃത പാർക്കിംഗ് കർശനമായി നിയന്ത്രിക്കണമെന്ന് ബന്ധപ്പെട്ട എല്ലാ ഓഫീസർമാർക്കും ഡി.ജി.പി കർശനനിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) പ്രധാന റോഡുകളിൽ പാർക്കിംഗിന് പ്രത്യേക സ്ഥലം കണ്ടെത്തുന്നതിനും ഏറ്റെടുക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ; | (ബി) തദ്ദേശ സ്വയംഭരണ വകുപ്പുമായി ഇക്കാര്യം ചർച്ച ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) റോഡുകൾക്ക് സമീപം ബഹുനില പാർക്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; | (സി) ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) പാർക്കിംഗ് നിരോധിച്ച സ്ഥലങ്ങളിൽ വാഹനങ്ങൾ പാർക്കു ചെയ്യുന്നവർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുമോ ? | (ഡി) ഇക്കാര്യത്തിൽ സംസ്ഥാന പോലീസ് നിയമപ്രകാരമുള്ള നടപടി സ്വീകരിച്ചു വരുന്നു. |

(signature)
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *44 — 25.11.2008-ൽ മറുപടിക്ക്

പാഠപുസ്തക വിതരണത്തിലെ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. കാർത്തികേയൻ :<br>,, കെ. സി. ജോസഫ് : | ശ്രീ. എം. എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി) |
| (എ) 2008-2009 അദ്ധ്യയന വർഷത്തിൽ എല്ലാ ക്ലാസ്സുകളിലുമുള്ള എല്ലാ വിദ്യാർത്ഥികൾക്കും പാഠപുസ്തകം എത്തിച്ചിട്ടുണ്ടോ ;<br><br>(ബി) ഇല്ലെങ്കിൽ ഏതെല്ലാം ക്ലാസുകളിൽ എത്ര വിദ്യാർത്ഥികൾക്ക് ഇനിയും പുസ്തകം കിട്ടുവാനുണ്ട്; | (എ) യും (ബി) യും ഉണ്ട്. സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും ഒന്നാം അർദ്ധവാർഷിക പാഠപുസ്തകങ്ങൾ വിതരണം ചെയ്തു കഴിഞ്ഞു. എന്നാൽ ചില ഒറ്റപ്പെട്ടസ്ഥലങ്ങളിൽ പുസ്തകം ലഭിച്ചിട്ടില്ലെന്നു പരാതി ലഭിച്ചിട്ടുണ്ട്. നടപടിയെടുത്തുവരുന്നു. രണ്ടാം ഭാഗം പുസ്തകവിതരണവും തീരാറായിട്ടുണ്ട്. |
| (സി) പാഠപുസ്തക വിതരണത്തിൽ കാലതാമസം വന്നതിന്റെ കാരണം വ്യക്തമാക്കാമോ ; | (സി) 2008-09 അദ്ധ്യയനവർഷത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് പകുതിയോളം ക്ലാസുകളിലേയും പാഠപുസ്തകങ്ങൾ പരിഷ്കരിച്ചിരുന്നു. പഴയതും പുതിയതുമായ എല്ലാ പാഠപുസ്തകങ്ങളും (80 പേജിൽ അധികമുള്ളവ) രണ്ട് വാല്യങ്ങളായാണ് അച്ചടിച്ചതും വിതരണം ചെയ്തതും. അതിനാലാണ് ഇത്തരം ബുദ്ധിമുട്ടുകൾ ഉണ്ടാവുന്നത് |
| (ഡി) അടുത്ത അദ്ധ്യയന വർഷം സ്കൂൾ തുറക്കുമ്പോൾ തന്നെ പാഠപുസ്തക വിതരണം പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ഡി) സ്വീകരിക്കുന്നതാണ്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 45 — 25/11/2008-ൽ മറുപടിക്ക്

ഐ.ടി.വിദ്യാഭ്യാസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.കെ.ടി.ജലീൽ<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീമതി കെ.കെ.ശൈലജ ടീച്ചർ | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി). |
| എ) സംസ്ഥാനത്തെ സ്കൂളുകളിലെ ഐ.ടി. പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) ഐ.ടി.വിദ്യാഭ്യാസം വ്യാപിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | ബി) ഉണ്ട്.<br>കേന്ദ്രപദ്ധതിയുടെ ഭാഗമായി 2007-08 വർഷം 10.16 കോടി രൂപയും 2008-09 വർഷം ഇതുവരെ 10.16 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2008-09 സാമ്പത്തിക വർഷത്തേയ്ക്ക് അനുവദിച്ച 30.55 കോടി രൂപയിൽ 15 കോടി രൂപയും സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ട്. |

⟹

| | |
|---|---|
| ഇ) പദ്ധതിയുടെ പ്രയോജനം എല്ലാവിധ സ്കൂളുകൾക്കും ലഭ്യമാക്കുമോ; | ഇ) ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| എഫ്) ബ്രോഡ് ബാന്റ് ഇന്റർനെറ്റ് സൗകര്യം ഇപ്പോൾ എല്ലാ സ്കൂളുകളിലും ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ? | എഫ്) ഇതു ബി.എസ്.എൻ.എൽ -മായി സഹകരിച്ച് സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളിലും ബ്രോഡ് ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിവരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 46

25.11.2008-ൽ മറുപടിക്ക്

## അൺ എയ്ഡഡ് സ്കൂളുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അൽഫോൺസ് കണ്ണന്താനം:<br>ശ്രീമതി. കെ.കെ. ലതിക:<br>ശ്രീ. ജോർജ്ജ് എം. തോമസ്:<br>ശ്രീ. മുരളി പെരുനെല്ലി: | ശ്രീ. എം. എ. ബേബി(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി) |
| (എ) അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ; | (എ) അംഗീകൃത അൺ-എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പ്രധാന ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) സമിതിയുടെ ശുപാർശ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) ഉണ്ട്. |
| (സി) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത എത്ര അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നതായി സമിതി കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച് സമിതി പഠനം നടത്തിയിട്ടില്ല. |
| (ഡി) ഈ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ? | (ഡി) തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം തലക്കുറിയിൽ ലഭ്യമാണ്.

# പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 47 - 25.11.2008 ൽ മറുപടിയ്ക്ക്

## സംസ്ഥാനത്ത് തീവ്രവാദികളുടെ സങ്കേതങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. അനിരുദ്ധൻ | ശ്രീ . കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി. |
| എ) സംസ്ഥാനത്ത് മത തീവ്രവാദികളുടേയും സംഘടിത ഭീകര പ്രവർത്തകരുടേയും സങ്കേതങ്ങൾ പ്രവർത്തിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്താമോ; | എ) ഇത്തരത്തിലുള്ള സങ്കേതങ്ങൾ ശ്രദ്ധയിൽപെട്ടിട്ടില്ല. |
| ബി) മത തീവ്രവാദ പ്രവർത്തനങ്ങളും ഭീകര പ്രവർത്തനങ്ങളും തടയുന്നതിന് സർക്കാർ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | ബി) തീവ്രവാദബന്ധമുണ്ടെന്ന് സംശയിക്കുന്ന കേസ്സുകൾ സമഗ്രമായി അന്വേഷിക്കുന്നതിനുവേണ്ടി ഡി.ഐ.ജിയുടെ നേതൃത്വത്തിൽ, ലോക്കൽ പോലീസ്, ക്രൈംബ്രാഞ്ച്, സംസ്ഥാന ഇന്റലിജൻസ് ബ്യൂറോ എന്നിവയിലെ ഉദ്യോഗസ്ഥന്മാർ അടങ്ങുന്ന ഒരു ജോയിന്റ് ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുണ്ട്. എ.ഡി.ജി.പി. ഇന്റലിജൻസ് ഈ ടീമിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിച്ചു വരുന്നു. തീവ്രവാദ പ്രവർത്തനങ്ങളും ഭീകര പ്രവർത്തനങ്ങളും ഫലപ്രദമായി തടയുന്നതിനുവേണ്ടി സംസ്ഥാന ഇന്റലിജൻസ് വിഭാഗം തികഞ്ഞ ജാഗ്രത പുലർത്തിവരുന്നു. കൂടാതെ ഇത്തരം പ്രവർത്തനങ്ങൾ |

ഫലപ്രദമായി നേരിടുന്നതിന് സംസ്ഥാന പോലീസ് നാഷണൽ സെക്യൂരിറ്റിഗാർഡ് പോലുള്ള സ്പെഷ്യലൈസ്ഡ് ഏജൻസികളുടെ പരിശീലനം പ്രയോജനപ്പെടുത്തുന്നു. കൂടാതെ ഇന്റലിജൻസ് ബ്യൂറോയുടെ സഹായത്തോടെ ഇന്റലിജൻസ് ട്രെയിനിംഗ് സ്കൂളും സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ട്.

സി) ഇതിലേയ്ക്ക് സർക്കാർ കൈക്കൊള്ളുന്ന നടപടികൾ ഫലപ്രദമാകുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

സി) ഫലപ്രദമായി നടപടികൾ സ്വീകരിച്ചുവരുന്നു. അതുകൊണ്ട് സംസ്ഥാനത്ത് ഈ സർക്കാർ നിലവിൽ വന്നശേഷം തീവ്രവാദബന്ധങ്ങളുള്ള ഒരു അക്രമ സംഭവവും നടന്നിട്ടില്ല.

സെക്ഷൻ ഓഫീസർ.

# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 48 - 25.11.2008 ൽ മറുപടിയ്ക്ക്

**തീവ്രവാദി സംഘടനകളിലേക്ക് റിക്രൂട്ട്മെന്റ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. എൻ. ശക്തൻ<br>ശ്രീ. ജി. കാർത്തികേയൻ | ശ്രീ . കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി. |
| എ) തീവ്രവാദി സംഘടനകളിലേയ്ക്ക് കേരളത്തിൽ നിന്ന് ആളുകളെ റിക്രൂട്ട് ചെയ്യുന്നുണ്ടെന്ന് ഗുജറാത്ത് പോലീസ് സംസ്ഥാന പോലീസിനെ അറിയിച്ചിരുന്നുവോ; എങ്കിൽ എന്ന്; | എ) ഇല്ല. |
| ബി) അതിന്മേൽ ഗവൺമെന്റ് എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ; | ബി) ബാധകമല്ല |
| സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ? | സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 49 | 25.11.2008-ൽ മറുപടിക്ക്

## ദേശീയ പാതകളുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ:<br>ശ്രീ. തോമസ് ചാഴികാടൻ: | ശ്രീ. മോൻസ് ജോസഫ്<br>(മരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ദേശീയ പാതകളുടെ വികസനത്തിന് സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ദേശീയ പാതകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത് ; | (എ) ഉണ്ട്. സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിനു കേന്ദ്ര ഷിപ്പിംഗ്, റോഡ്, ട്രാൻസ്പോർട്ട് ആൻഡ് ഹൈവേ മന്ത്രാലയമാണ് പദ്ധതി തയ്യാറാക്കുന്നത്. NH 17 ഉം NH 47 ഉം കേന്ദ്ര സർക്കാരിന്റെ ദേശീയപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നാലുവരി/ആറുവരി പാതയാക്കി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ട് NH 49, NH 208, NH 212, NH 213, NH 220 എന്നിവ ദേശീയപാത നിലവാരത്തിലുള്ള രണ്ടുവരി പാതയാക്കി വികസിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര വീതമെന്ന് വ്യക്തമാക്കാമോ ; | (ബി) ബി.ഒ.റ്റി. അടിസ്ഥാനത്തിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. NH 47ൽ അങ്കമാലി-മണ്ണുത്തി റീച്ച് വികസിപ്പിക്കുന്നത് സംബന്ധിച്ച് NHAI യുമായി സംസ്ഥാന സർക്കാർ സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. മറ്റു ദേശീയപാതകളുടെ വികസന പദ്ധതികൾ സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) ദേശീയപാതകളുടെ വികസനവുമായി ബന്ധപ്പെട്ട് റോഡിനിരുവശവും കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്ക് ദൂരപരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന ദൂരപരിധി എത്രയാണ് ; | (സി) ദേശീയപാതകളുടെ ഇരുവശങ്ങളിലും ഭാവി വികസനം ലക്ഷ്യമാക്കി പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ ദൂരപരിധി നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല |
| (ഡി) ദേശീയപാതകളുടെ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി ആരംഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :50 — 25-11-2008-ൽ മറുപടിയ്ക്ക്

## ആഗോള സാമ്പത്തിക പ്രതിസന്ധിയും സംസ്ഥാനത്തെ ടൂറിസം വ്യവസായവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി :<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ :<br>ശ്രീ.അൽഫോൺസ് കണ്ണന്താനം :<br>ശ്രീ.ബി.ഡി.ദേവസ്സി :<br>ശ്രീ.വി.ശശികുമാർ : | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) അമേരിക്കയിലെയും യൂറോപ്പിലെയും സാമ്പത്തിക പ്രതിസന്ധി സംസ്ഥാനത്തെ ടൂറിസം വ്യവസായത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) ആഗോള സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തെ ടൂറിസം മേഖലയെയും മൊത്തത്തിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട് |
| (ബി) ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) ആഗോള സാമ്പത്തിക മാന്ദ്യം കേരളത്തിലെ ടൂറിസം വ്യവസായ രംഗത്തുണ്ടാക്കിയ അനുരണനങ്ങൾ ചർച്ച ചെയ്യുന്നതിന് ഈ രംഗത്തെ സംരംഭകരും മറ്റുമായി സർക്കാർ ചർച്ച നടത്തുകയും അടിയന്തിരമായി ചെയ്യേണ്ടുന്ന കാര്യങ്ങൾ യോഗത്തിൽ നിർദ്ദേശിക്കുകയും തുടർന്ന് ടൂറിസം രംഗത്തെ പ്രമുഖരെ ഉൾപ്പെടുത്തികൊണ്ട് ഒരു വർക്കിംഗ് ഗ്രൂപ്പിന് സർക്കാർ രൂപം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

കെ.റ്റി.ഡി.സി.യെ സംബന്ധിച്ചിടത്തോളം ഈ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് ട്രാവൽ ഏജന്റുമാരുമായി സഹകരിച്ച് കെ.റ്റി.ഡി.സി.യുടെ ഹോട്ടലുകൾ കൂടുതൽ പ്രൊമോട്ട് ചെയ്യുന്നതിന് സ്പെഷ്യൽ റേറ്റ് നൽകി വരുന്നു.

(സി) ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ ;

(സി) വിവിധ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കേരള ടൂറിസം റോഡ് ഷോകൾ സംഘടിപ്പിച്ച് ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിച്ചു വരുന്നു.

കെ.റ്റി.ഡി.സി. ആഭ്യന്തര ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിക്കുന്നതിനു വേണ്ടി ടാമറിന്റ് ബ്രാൻഡ് ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പത്രങ്ങൾ, ടി.വി., ഇന്റർനെറ്റ്, തുടങ്ങിയ ദൃശ്യമാധ്യമങ്ങൾ വഴിയും വ്യാപകമായ പരസ്യ പ്രചാരണം നടത്തുന്നുണ്ട്.

(ഡി) ടൂറിസം വകുപ്പു മന്ത്രിയുടെ സിംഗപ്പൂർ, ഓസ്ട്രേലിയ, അമേരിക്ക സന്ദർശനങ്ങൾ സംസ്ഥാനത്തെ ടൂറിസം വികസനത്തിന് എന്തു മാത്രം പ്രയോജനം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

(ഡി) കേരള ടൂറിസത്തിന്റെ വിപണന തന്ത്രത്തിന്റെ ഭാഗമായി എല്ലാ വർഷവും സ്വദേശത്തും വിദേശത്തുമായി കേരള ടൂറിസം റോഡ് ഷോ നടത്തി വരുന്നുണ്ട്. അതിൻപ്രകാരം ഈ വർഷം ഒക്ടോബർ 22 മുതൽ 24 വരെ സിംഗപ്പൂരിൽ നടന്ന ഐ.റ്റി.ബി.ഏഷ്യ ഫെയറിലും ഒക്ടോബർ 28 ന് സിഡ്നിയിലും ഒക്ടോബർ 29 ന് മെൽബണിലും നടത്തിയ കേരള ടൂറിസം റോഡ് ഷോയിലും പങ്കെടുക്കുന്നതിനു വേണ്ടിയാണ് ടൂറിസം വകുപ്പു മന്ത്രി സിംഗപ്പൂർ, ഓസ്ട്രേലിയ, അമേരിക്ക എന്നീ

രാജ്യങ്ങൾ സന്ദർശിച്ചത് കൂടാതെ ഇന്ത്യൻ അമേരിക്കൻ മലയാളി ചേമ്പർ ഓഫ് കൊമേഴ്സിന്റെ ക്ഷണപ്രകാരം അമേരിക്കയിലെ ന്യൂയോർക്ക്, സാൻഫ്രാൻസിസ്കോ, മിയാമി, വാഷിംഗ്ടൺ, ഫ്ലോറിഡ എന്നിവിടങ്ങളിൽ വച്ച് നടന്ന ചർച്ചകളിൽ പങ്കെടുക്കുകയും, 2008 ഡിസംബറിൽ കൊച്ചിയിൽ വച്ച് നടത്തുന്ന എന്റെ നാട് പ്രവാസി - കേരളീയ കൂട്ടായ്മ എന്ന മീറ്റിനെ കുറിച്ചുള്ള വിശദാംശങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.51 | 25.11.08-ൽ മറുപടിക്ക്

## കെ.എസ്.ടി.പി.യിൽ ഉൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ സ്തംഭനാവസ്ഥ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. തോമസ് ഉണ്ണിയാടൻ :**<br>**പ്രൊഫ. എൻ.ജയരാജ് :**<br>**ശ്രീ. സി.എഫ്.തോമസ് :** | **ശ്രീ.മോൻസ് ജോസഫ്**<br>**(മരാമത്ത് വകുപ്പുമന്ത്രി)** |
| **എ)** കെ.എസ്.ടി.പിയിൽപ്പെടുത്തി നടപ്പിലാക്കിയ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് സ്തംഭനാവസ്ഥയിലായിട്ടുള്ളത് ; | **(എ)** കെ.എസ്.ടി.പിയിൽപ്പെടുത്തി നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങളിൽ ആർ.എം.സി-27-തിരുവനന്തപുരം-പൊന്മുടി റോഡ് മാത്രമാണ് സ്തംഭനാവസ്ഥയിലായിട്ടുള്ളത്. മുടങ്ങിക്കിടന്നിരുന്ന കെ.എസ്.ടി.പി യുടെ മറ്റ് പ്രവർത്തികൾ പുനഃരാരംഭിക്കുകയുണ്ടായി. |
| **ബി)** ഈ പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ? | **ബി)** ആർ.എം.സി-27ന്റെ പണികൾ കോൺട്രാക്ടർ സമയത്ത് ചെയ്തു തീർക്കാതിരുന്നതിനാൽ കോൺട്രാക്ട് ടെർമിനേറ്റ് ചെയ്യുകയുണ്ടായി. പൊന്മുടി റോഡിൽ ബാക്കി പണികൾ അടിയന്തിരമായി ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 52 25.11.2008 ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ ഭീകരപ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. സി.എം.ദിനേശ് മണി<br>ശ്രീ. കെ.വി.കുഞ്ഞിരാമൻ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. മുരളി പെരുനെല്ലി | ശ്രീ . കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി. |
| എ) കാശ്മീർ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട തീവ്രവാദികളിൽ മലയാളികൾ ഉണ്ടെന്ന കണ്ടെത്തലിനെ തുടർന്ന് സംസ്ഥാനത്തെ തീവ്രവാദ പ്രവർത്തനങ്ങൾ നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) തീവ്രവാദബന്ധമുണ്ടെന്ന് സംശയിക്കുന്ന കേസ്സുകൾ സമഗ്രമായി അന്വേഷിക്കുന്നതിനുവേണ്ടി ഡി.ഐ.ജിയുടെ നേതൃത്വത്തിൽ, ലോക്കൽ പോലീസ്, ക്രൈംബ്രാഞ്ച്, സംസ്ഥാന ഇന്റലിജൻസ് ബ്യൂറോ എന്നിവയിലെ ഉദ്യോഗസ്ഥന്മാർ അടങ്ങുന്ന ഒരു ജോയിന്റ് ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുണ്ട്. കാശ്മീരിൽ സുരക്ഷാസേനയുമായുള്ള ഏറ്റുമുട്ടലിൽ മലയാളികൾ കൊല്ലപ്പെട്ടിട്ടുണ്ടെന്ന വിവരം ലഭിച്ചതിനെ തുടർന്ന്, പ്രസ്തുത കേസുകളുടെയും അന്വേഷണം ടി ജോയിന്റ് ഇൻവെസ്റ്റിഗേഷൻ ടീമിനെ ഏൽപ്പിച്ചിരിക്കുകയാണ്. എ.ഡി.ജി.പി. ഇന്റലിജൻസ് ഈ ടീമിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിച്ചു വരുന്നു. |
| ബി) സംസ്ഥാനത്തുനിന്ന് തീവ്രവാദ ക്യാമ്പുകളിലേയ്ക്ക് യുവാക്കളെ റിക്രൂട്ട് ചെയ്തുവന്നിരുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | ബി) സംസ്ഥാനത്തുനിന്നും ഏതാനും യുവാക്കളെ സംസ്ഥാനത്തിനു പുറത്തേയ്ക്കു തീവ്രവാദ പ്രവർത്തനങ്ങൾക്കായി കൊണ്ടുപോകാൻ ശ്രമിച്ചതായി വിവരം ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതേപ്പറ്റി ഇപ്പോൾ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് അന്വേഷണത്തെ പ്രതികൂലമായി ബാധിയ്ക്കാൻ ഇടയുള്ളതിനാൽ വെളിപ്പെടുത്താൻ നിവൃത്തിയില്ല. |

സി) സംസ്ഥാനത്തു നിന്ന് കാണാതായവരെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുമോ;

സി) സംസ്ഥാനത്തു നിന്ന് കാണാതായവരെ സംബന്ധിച്ച് പോലീസ് അന്വേഷണം നടന്നുവരുന്നു.

ഡി) കേരളത്തിലെ തീവ്രവാദ പ്രവർത്തനങ്ങളെക്കുറിച്ച് കേന്ദ്ര സർക്കാരിൽ നിന്നോ കേന്ദ്ര ഇന്റലിജൻസ് ബ്യൂറോയിൽ നിന്നോ മുന്നറിയിപ്പ് ലഭിച്ചിരുന്നുവോ;

ഡി) കാശ്മീരിൽ നാലു മലയാളികൾ സൈന്യവുമായുണ്ടായ ഏറ്റുമുട്ടലിൽ കൊല്ലപ്പെടുന്നതിനു മുമ്പ് കേന്ദ്ര രഹസ്യാന്വേഷണ ഏജൻസികളായ ഐ.ബി., റോ, മിലിട്ടറി ഇന്റലിജൻസ് തുടങ്ങിയവയൊന്നും തന്നെ കേരളത്തിൽ ഇത്തരത്തിലുള്ള തീവ്രവാദപ്രവർത്തനങ്ങളെ സംബന്ധിച്ച് മുന്നറിയിപ്പുകളൊന്നുംതന്നെ നൽകിയിട്ടില്ല. എന്നാൽ 6.11.2008-ൽ ഐ.ബി. യിൽ നിന്ന് ഇതു സംബന്ധിച്ച ചില വിവരങ്ങൾ ലഭിച്ചിട്ടുണ്ട്.

ഇ) തീവ്രവാദം നേരിടുന്നതിന് ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഇ) ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി എ.ഡി.ജി.പി.(ഇന്റലിജൻസ്) ന്റെ കീഴിൽ ഒരു സ്പെഷ്യലൈസ്ഡ് ഇന്റേണൽ സെക്യൂരിറ്റി വിംഗ് **G.O.(MS) No. 136/07/Home dated 13-06-2007** പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 53 | 25.11.2008 ൽ മറുപടിക്ക്.

## അംഗീകാരമില്ലാത്ത ഫയർ സേഫ്ടി എഞ്ചിനീയറിംഗ് കോഴ്സ് നടത്തുന്ന സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീമതി. ജെ. അരുന്ധതി<br>ശ്രീ. ടി. പി. കുഞ്ഞുണ്ണി<br>ശ്രീ. പി. റ്റി. എ. റഹീം<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |
| (എ) ഫയർ സേഫ്ടി രംഗത്ത് വിദേശത്തുള്ള തൊഴിൽ സാദ്ധ്യതകളെ മുൻനിർത്തി സംസ്ഥാനത്ത് ചില വ്യക്തികളും അംഗീകാരമില്ലാത്ത സ്ഥാപനങ്ങളും വൻ തുക കൈക്കലാക്കി ഫയർ സേഫ്റ്റി എഞ്ചിനീയറിംഗ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ഇത്തരത്തിൽ പ്രവർത്തിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ; | : (ബി) ബാധകമല്ല. |

(Ctnd.........2/-)

(സി) ഈ ചൂഷണം തടയാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

: (സി) ബാധകമല്ല.

(ഡി) സംസ്ഥാനത്ത് ഫയർ ആന്റ് റസ്ക്യൂ വകുപ്പും സാങ്കേതിക വിദ്യാഭ്യാസ വകുപ്പും ചേർന്ന് ഫയർ ആന്റ് സേഫ്ടി എഞ്ചിനീയറിംഗ് കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

: (ഡി) നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ നിലവിലില്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 64** **25/11/2008-ൽ മറുപടിക്ക്**

**പരിഷ്കരിച്ച പാഠപുസ്തകങ്ങൾ യഥാസമയം ലഭിക്കാൻ നടപടി**

**ചോദ്യം**

ശ്രീ.എം.കെ.പ്രേംനാഥ്:
ശ്രീ.കെ.പി.മോഹനൻ:
ശ്രീ.ജോസ് തെറ്റയിൽ :

**ഉത്തരം**

ശ്രീ.എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും
വകുപ്പ് മന്ത്രി)

എ) 2008-09 അദ്ധ്യയന വർഷത്തിൽ ഒന്നാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ ഏതൊക്കെ പാഠപുസ്തകങ്ങളാണ് പരിഷ്കരിച്ചതെന്ന് വെളിപ്പെടുത്താമോ;

എ) 1,3,5,7 ക്ലാസ്സുകളിലെ മുഴുവൻ പാഠപുസ്തകങ്ങളും 9-ാം ക്ലാസ്സിലെ ഇൻഫർമേഷൻ ടെക്നോളജി പാഠപുസ്തകവും പരിഷ്കരിക്കുകയുണ്ടായി.

ബി 2008-09 വർഷത്തിൽ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ മുഴുവനായി യഥാസമയം എല്ലാ വിദ്യാർത്ഥികൾക്കും ലഭിക്കാത്തത് കാരണം വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

സി) പരിഷ്കരിച്ച പാഠപുസ്തകങ്ങൾ മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ?

ബി) യും സി) യും 2008 -09 അദ്ധ്യയന വർഷം മുതൽ 80 പേജിൽ കൂടുതലുള്ള പാഠപുസ്തകങ്ങൾ രണ്ട് ഭാഗങ്ങളായാണ് അച്ചടിക്കുന്നത്. കുട്ടികളുടെ സ്കൂൾബാഗിന്റെ ഭാരം ലഘൂകരിക്കാനാണ് ഇപ്രകാരം ചെയ്യുന്നത്. ഈ വർഷം പരിഷ്കരിച്ച പാഠപുസ്തകങ്ങളുടെ ഒന്നാം ഭാഗം യഥാസമയത്തുതന്നെ വിതരണം ചെയ്തിരുന്നു. അച്ചടി പൂർത്തിയായ രണ്ടാം വാല്യത്തിന്റെ 90 ശതമാനം വിതരണവും ഇതിനകം നടത്തിയിട്ടുണ്ട്. അവശേഷിക്കുന്നവയുടെ വിതരണം ഒരാഴ്ചയ്ക്കുള്ളിൽ പൂർത്തീകരിക്കനാവുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 55

25-11-2008 ൽ മറുപടിയ്ക്ക്

ട്രാവൽമാർട്ടിൽ വന്ന ടൂറിസം പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി:<br>ശ്രീ. സി.എം.ദിനേശ് മണി<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ. സാജുപോൾ<br>ശ്രീ. എം.എം.മോനായി | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും<br>വകുപ്പു മന്ത്രി) |
| എ) കൊച്ചിയിൽ നടന്ന ട്രാവൽമാർട്ടിൽ പുതിയ ടൂറിസം പദ്ധതികൾ ആരംഭി ക്കുന്നതിന് സംരംഭകർ മുന്നോട്ട് വന്നി ട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെ ടുത്തുമോ; | എ) 2008 സെപ്റ്റംബറിൽ കൊച്ചിയിൽ നടന്ന കേരള ട്രാവൽ മാർട്ട്, കേരളത്തിലെ ടൂറിസം രംഗത്തെ സേവന ദാതാക്കളും വിദേശത്തു നിന്നും കേരളത്തിലെ സേവനങ്ങളും ഉൽപ്പന്ന ങ്ങളും വാങ്ങാനെത്തുന്ന ടൂർ ഓപ്പറേറ്റർമാരും പങ്കെടുത്ത ടൂറിസം ഫെയറാണ്. ഇത് ഒരു പ്രത്യേക സംരംഭകരുടെ സമ്മേളനമായിരുന്നില്ല. കേരളത്തിലെ ടൂറിസം സംരംഭകരുടെ സംഘടന യായ കേരളാ ട്രാവൽമാർട്ട് സൊസൈറ്റിയും ടൂറിസം വകുപ്പും സംയുക്തമായിട്ടാണ് മാർട്ട് സംഘടിപ്പിച്ചത്. വരുംകാലങ്ങളിലേയ്ക്കുള്ള ബിസിനസ് ബന്ധങ്ങൾ ചർച്ച ചെയ്യുവാനും കേരളത്തിലെ പുതിയ സംരംഭകരെ പരിചയപ്പെ ടാനുമുള്ള വേദിയാണ് കേരളാ ട്രാവൽമാർട്ട് |
| ബി) ട്രാവൽമാർട്ടിൽ വിദേശത്തു നിന്നുള്ള എത്ര വ്യവസായികൾ എത്തിയിരുന്നു എന്ന് അറിയിക്കുമോ; | ബി) കേരളാ ട്രാവൽമാർട്ടിൽ 307 വിദേശ ടൂർ ഓപ്പ റേറ്റർമാരും 590 ദേശീയ ടൂർ ഓപ്പറേറ്റർമാരും പങ്കെടുത്തിരുന്നു. |

സി) വ്യവസായ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ വാഗ്ദാനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

ഡി) ട്രാവൽമാർട്ടിൽ വന്നിട്ടുള്ള വ്യാപാര സംരംഭങ്ങൾ ഫല പ്രാപ്തിയിലെത്തിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ?

സി) & ഡി)

വ്യവസായ സംരംഭക സമ്മേളനമല്ലാത്തതിനാൽ കേരളാ ട്രാവൽ മാർട്ടിൽ പ്രത്യേക സഹായങ്ങൾ ഒന്നും സർക്കാർ പ്രഖ്യാപിച്ചിട്ടില്ല

Saraswathi

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട | 25..11..2008 ൽ |
| നിയമസഭാ ചോദ്യം നം.56 | മറുപടിയ്ക്ക്. |

പ്രൊഫഷണൽ കോഴ്സിന്റെ പ്രവേശന മാനദണ്ഡം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി.ജോസഫ് | ശ്രീ. എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്ക്കാരിക-<br>കാര്യവും വകുപ്പ് മന്ത്രി) |
| (എ) പ്രൊഫഷണൽ കോഴ്സിനുള്ള പ്രവേശന മാനദണ്ഡത്തിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) എൻട്രൻസ് പരീക്ഷാ മാർക്കിനു പുറമേ യോഗ്യതാ പരീക്ഷാ മാർക്ക് കൂടി കണക്കിലെടുത്ത് പ്രൊഫഷണൽ കോഴ്സിന് പ്രവേശനം നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 57 — 25.11.2008 ൽ മറുപടിക്ക്

## മലയോര ഹൈവേ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.കെ.പി. പത്മനാഭൻ:<br>ശ്രീ.ബി.രാഘവൻ:<br>ശ്രീ.കെ.സി.രാജഗോപാലൻ;<br>ശ്രീ.കെ.കെ.ജയചന്ദ്രൻ:<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ: | ശ്രീ. മോൻസ് ജോസഫ്<br>(ബഹു: മരാമത്ത് വകുപ്പ് മന്ത്രി) |
| എ) മലയോര ഹൈവേയുടെ രൂപരേഖ തയ്യാറാക്കുന്നതിന് നിയോഗിച്ചിരുന്ന സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (എ)പ്രിലിമിനറി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട് |
| (ബി) ഹൈവേയുടെ നിർദ്ദിഷ്ട രൂപരേഖയുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) മലയോര ഹൈവേയുടെ കാസർകോട് മുതൽ പാലക്കാട് വരെയുള്ള ഭാഗത്തിന്റെ അലൈൻമെന്റ് നേരത്തെ അംഗീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത അലൈൻമെന്റിൽ വരുന്ന ഫോറസ്റ്റിന്റെ അധീനതയിൽ ഉള്ള സ്ഥലങ്ങളിൽ റോഡ് വികസനത്തിനുള്ള പ്രായോഗിക തടസ്സങ്ങൾ കണക്കിലെടുത്ത് ഫീഡർ റോഡുകൾ നിർമ്മിക്കാനുള്ള അലൈൻമെന്റ് തയ്യാറാക്കാനും |

| | |
|---|---|
| | പാലക്കാട് മുതൽ പാറശ്ശാല വരെയുള്ള അലൈൻമെന്റ് ഫൈനലൈസ് ചെയ്ത് സമർപ്പിക്കുവാനും നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിരുന്നു. പ്രിലിമിനറി റിപ്പോർട്ട് ലഭിച്ചുവെങ്കിലും പൂർണ്ണ രൂപത്തിലുള്ള അലൈൻമെന്റ് നൽകുവാൻ നാറ്റ്പാക്കിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (സി) ഹൈവേയ്ക്ക് കാസർഗോഡു മുതൽ പാറശ്ശാലവരെ എത്ര കിലോമീറ്റർ നീളം ഉണ്ടാകും എന്ന് അറിയിക്കുമോ; | (സി) ഹിൽ ഹൈവേയുടെ നിർദ്ദിഷ്ട രൂപരേഖ അന്തിമമായി തീരുമാനിച്ചതിനുശേഷം മാത്രമേ ഹൈവേയുടെ നീളംകൃത്യമായി കണക്കാക്കാൻ സാധിക്കുകയുള്ളൂ. |
| (ഡി) പദ്ധതിയുടെ മൊത്തം ചെലവ് എത്രയാണ്. ഇതിനാവശ്യമായ ഫണ്ട് എങ്ങനെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്; | (ഡി) പദ്ധതിയുടെ ആകെ ചെലവ് കണക്കാക്കപ്പെട്ടിട്ടില്ല. ആയത് പരിശോധിച്ചുവരുന്നു. |
| (ഇ) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം ആരംഭിക്കുമോ എന്ന് അറിയിക്കുമോ? | (ഇ) ഈ വർഷം ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 58 25.11.2008 ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ തീവ്രവാദപ്രവർത്തനം

**ചോദ്യം**

ശ്രീ. വർക്കല കഹാർ
ശ്രീ. എ. പി.അനിൽകുമാർ
പ്രൊഫ. കെ.വി.തോമസ്

**ഉത്തരം**

ശ്രീ . കോടിയേരി ബാലകൃഷ്ണൻ
ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി.

എ) സംസ്ഥാനത്ത് തീവ്രവാദപ്രവർത്തനങ്ങൾ ശക്തമാണെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവ തടയുന്നതിന് എന്തെല്ലാം നടപടി കൈക്കൊണ്ടു എന്നു വ്യക്തമാക്കുമോ;

എ) തീവ്രവാദബന്ധമുണ്ടെന്ന് സംശയിക്കുന്ന കേസ്സുകൾ സമഗ്രമായി അന്വേഷിക്കുന്നതിനുവേണ്ടി ഡി.ഐ.ജി.യുടെ നേതൃത്വത്തിൽ, ലോക്കൽ പോലീസ്, ക്രൈംബ്രാഞ്ച്, സംസ്ഥാന ഇന്റലിജൻസ് ബ്യൂറോ എന്നിവയിലെ ഉദ്യോഗസ്ഥന്മാർ അടങ്ങുന്ന ഒരു ജോയിന്റ് ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുണ്ട്. എ.ഡി.ജി.പി. ഇന്റലിജൻസ് ഈ ടീമിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിച്ചു വരുന്നു. തീവ്രവാദ പ്രവർത്തനങ്ങളും ഭീകര പ്രവർത്തനങ്ങളും ഫലപ്രദമായി തടയുന്നതിനുവേണ്ടി സംസ്ഥാന ഇന്റലിജൻസ് വിഭാഗം തികഞ്ഞ ജാഗ്രത പുലർത്തിവരുന്നു. കൂടാതെ ഇത്തരം പ്രവർത്തനങ്ങൾ ഫലപ്രദമായി നേരിടുന്നതിന് സംസ്ഥാന പോലീസ്, നാഷണൽ സെക്യൂരിറ്റിഗാർഡ് പോലുള്ള സ്പെഷ്യലൈസഡ് ഏജൻസികളുടെ പരിശീലനം പ്രയോജനപ്പെടുത്തുന്നു. കൂടാതെ ഇന്റലിജൻസ് ബ്യൂറോയുടെ സഹായത്തോടെ ഇന്റലിജൻസ് ട്രെയിനിംഗ് സ്കൂളും സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ട്.

ബി) സംസ്ഥാനത്ത് തീവ്രവാദക്യാമ്പുകൾ നടന്ന മേഖലകളെ സംബന്ധിച്ച് സംസ്ഥാന പോലീസ് ഇന്റലിജൻസിന് മുൻകൂട്ടി വിവരം

ബി) സിമി എന്ന നിരോധിത സംഘടനയുടെ പ്രവർത്തകരിൽ ചിലർ 2007 ഡിസംബറിൽ വാഗമണ്ണിലെ മലനിരകളിൽ ഒത്തുകൂടിയതായി വിവരം സംസ്ഥാന

| | |
|---|---|
| കണ്ടെത്താൻ കഴിയാതിരുന്നതിന്റെ കാരണ മെന്താണ്; ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയോ എന്നു വ്യക്തമാ ക്കുമോ; | ഇന്റലിജൻസിനു കിട്ടിയതിന്റെ അടിസ്ഥാനത്തിൽ കേസ്സ് രജിസ്റ്റർ ചെയ്ത് പ്രത്യേക അന്വേഷണസംഘം അന്വേഷിച്ചുവരുന്നു. ഇതു സംബന്ധിച്ച് യാതൊരു വിവരവും മറ്റു സംസ്ഥാനങ്ങളിൽനിന്നോ കേന്ദ്ര രഹ സ്യാന്വേഷണ ഏജൻസികളിൽ നിന്നോ മുൻകൂട്ടി ലഭി ച്ചിട്ടില്ല. |
| സി) സംസ്ഥാനത്ത് തീവ്രവാദപ്രവർത്തന ങ്ങൾ വ്യാപകമാകുന്നതിൽ പോലീസിന്റെ ഭാഗത്ത് എന്തെങ്കിലും വീഴ്ച സംഭവിച്ചി ട്ടുണ്ടോ എന്ന് വിശദീകരിക്കുമോ; | സി) തീവ്രവാദപ്രവർത്തനങ്ങൾ സംസ്ഥാനത്ത് വ്യാപ കമല്ല. സമീപകാലത്ത് തീവ്രവാദ പ്രവർത്തനത്തിന്റെ ഭാഗമായി യാതൊരു തരത്തിലുള്ള അക്രമങ്ങളും സംസ്ഥാനത്തുണ്ടായിട്ടില്ല. സംസ്ഥാന പോലീസ് പൊതുവേയും, അതിന്റെ ഇന്റലിജൻസ് വിഭാഗം പ്രത്യേകിച്ചും ഈ കാര്യങ്ങളിൽ തികഞ്ഞ ജാഗ്രത പുല ർത്തിവരുന്നു. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ഉണ്ടാകുന്ന സംഭവങ്ങളിൽ നിന്നുപോലും ആവശ്യ മായ വിവരങ്ങൾ യഥാസമയം ശേഖരിച്ച് മതിയായ കരുതൽ നടപടികൾ പോലീസ് സ്വീകരിച്ചുവരുന്നു. |
| ഡി) തീവ്രവാദപ്രവർത്തനത്തിന്റെ പേരിൽ ഇതുവരെ എത്രപേരെ അറസ്റ്റുചെയ്തുവെന്ന് വ്യക്തമാക്കാമോ? | ഡി) കാശ്മീരിൽ സൈന്യവുമായി ഏറ്റുമുട്ടിയതിൽ 4 മലയാളികൾ കൊല്ലപ്പെട്ടതിനെക്കുറിച്ച് നടത്തിവ രുന്ന കേസ്സന്വേഷണത്തിന്റെ ഭാഗമായി ഇതുവരെ പ്രതികളിൽ ഏഴുപേരെ അറസ്റ്റുചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 59 — 25.11.2008-ൽ മറുപടിക്ക്

## പുനലൂർ ചെങ്കോട്ട റോഡ് പണി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. യു.സി. രാമൻ: | ശ്രീ. മോൻസ് ജോസഫ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) എൻ.എച്ച്. 208-ൽ പുനലൂർ മുതൽ ചെങ്കോട്ടവരെയുള്ള റോഡുപണിയുടെ ഭാഗമായി ദേശീയപാത അടയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) എൻ.എച്ച് 208-ൽ പുനലൂർ മുതൽ ചെങ്കോട്ടവരെയുള്ള റോഡ് നിരവധി വർഷങ്ങളായി തകർന്നടിഞ്ഞ് സഞ്ചാരയോഗ്യമല്ലാത്ത സ്ഥിതിയിലായിരുന്നത് പരിഹരിക്കാൻ സംസ്ഥാന സർക്കാർ നടത്തിയ നിരന്തര പരിശ്രമത്തിന്റെ ഫലമായി സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് കേന്ദ്രാനുമതി ലഭിച്ചിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എൻ.എച്ച് 208 തെന്മല മുതൽ കോട്ടവാസൽ വരെയുള്ള ഭാഗം പുനരുദ്ധാരണ പണികൾ നടത്തുമ്പോൾ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തേണ്ടതുണ്ട്. തെന്മല മുതൽ കോട്ടവാസൽ വരെയുള്ള ഗാട്ട് സെക്ഷനിൽ വെറ്റ് മിക്സ് മെക്കാഡം എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പുനരുദ്ധാരണമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ടി റോഡ് വീതി കുറഞ്ഞതാ കയാൽ വെറ്റ് മിക്സ് മെക്കാഡം ചെയ്യുമ്പോൾ ഗതാഗതം നിയന്ത്രിക്കേണ്ടതായിട്ടുണ്ട്. ഇതിനോട് ചേർന്ന് തമിഴ് നാട്ടിലെ 'S' വളവ് അറ്റകുറ്റപണിയ്ക്കായി അടയ്ക്കേണ്ടിവരുമെന്നും തമിഴ്നാട് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്. റോഡ് നിർമ്മാണ സമയത്ത് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ആവശ്യമായ തീരുമാനങ്ങൾ പ്രദേശത്തെ MP, MLA മാർ, മറ്റ് ജന |

പ്രതിനിധികൾ എന്നിവരുമായി ചർച്ച ചെയ്ത് കൈക്കൊള്ളുന്നതാണ്. ഇതു സംബന്ധിച്ച ബന്ധപ്പെട്ടവരുടെ യോഗം നവംബർ 25-ന് രാവിലെ 11 മണിക്ക് നിയമസഭാ മന്ദിരത്തിലെ കോൺഫ്രൻസ് ഹാളിൽ (610) സർക്കാർ വിളിച്ചുചേർത്തിട്ടുണ്ട്.

(ബി) ശബരിമല യാത്രയ്ക്കായി വളരെയധികം തീർത്ഥാടകർ ഈ റോഡുപയോഗിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ട്.

(സി) ഈ റോഡ് അടച്ചാലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സർക്കാർ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

(സി) സമാന്തര പാതകൾ അറ്റകുറ്റപണികൾ ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സന്ദർഭത്തിൽ കഴിയുന്നത്ര സമയങ്ങളിൽ അത്യാവശ്യ വാഹനങ്ങൾക്ക് ഗതാഗത സൗകര്യം ലഭ്യമാക്കുന്നതാണ്.

[signature]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.60 — 25.11.2008-ൽ മറുപടിയ്ക്ക്

## ഏകജാലക പ്രവേശനത്തിൽ ഒഴിവ് വന്ന സീറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുധാകരൻ<br>ശ്രീ. കെ. ബാബു | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി) |
| എ) പ്ലസ് വൺ കോഴ്സിനുള്ള ഏകജാലക പ്രവേശനത്തിന്റെ മുഖ്യ അലോട്ട്മെന്റ് പ്രക്രിയ അവസാനിച്ചപ്പോൾ ഒഴിവുള്ള സീറ്റുകളുടെ എണ്ണം എത്രയായിരുന്നുവെന്നാണ് ഹയർ സെക്കന്ററി ഡയറക്ടറേറ്റും ഗവൺമെന്റും പ്രഖ്യാപിച്ചത്; | എ) 36,022 എണ്ണം. |
| ബി) ഈ പ്രഖ്യാപനത്തിൽ വസ്തുതാപരമായി എന്തെങ്കിലും തെറ്റുണ്ടായിരുന്നുവോ; | ബി) ഇല്ല. |
| സി) എങ്കിൽ അതെങ്ങനെ സംഭവിച്ചു എന്ന് വിശദീകരിക്കാമോ; | സി) ബാധകമല്ല. |
| ഡി) അടുത്ത വർഷവും പ്ലസ് വൺ കോഴ്സിന് ഏകജാലക പ്രവേശനം നടത്താനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ? | ഡി) അടുത്ത വർഷവും ഏകജാലക സംവിധാനത്തിലൂടെ ഹയർ സെക്കന്ററി പ്രവേശനം നടത്താനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ